“ഭരണഭാഷ – മാതൃഭാഷ”

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം – 33

Phone : 0471 –2324951
0471 –2325071
Tele FAX : 0471 – 2324951
e-mail: celsgd@gmail.com
website: www.celsgd.kerala.gov.in

---

നം. ഡിബി4/531/CMLRRP/2020/സിഇ/തസ്വഭവ　　　　തീയതി : 05.05.2020

## പരിപത്രം

വിഷയം : തസ്വഭവ – സാങ്കേതിക വിഭാഗം – “മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി [Chief Minister’s Local Roads Rebuild Project (CMLRRP)] – പ്രവൃത്തികളുടെ നിർവ്വഹണം – സംബന്ധിച്ച്

സൂചന :
1. സ.ഉ(സാധാ)നം.13/2020/തസ്വഭവ, തീയതി 09.01.2020
2. സർക്കുലർ നം. ഡി.ബി3–4620/19/സിഇ/തസ്വഭവ തീയതി 04.03.2020
3. സ.ഉ(സാധാ)നം.49/2020/തസ്വഭവ, തീയതി 18.03.2020
4. ഈ കാര്യാലയത്തിലെ 20.04.2020ലെ ഇതേ നമ്പർ സർക്കുലർ
5. സ.ഉ(സാധാ)നം.71/2020/തസ്വഭവ, തീയതി 04.05.2020
6. സ.ഉ(സാധാ)നം.818/2020/തസ്വഭവ, തീയതി 04.05.2020
7. ബഹു. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22.04.2020 ന നടന്ന വീഡിയോ കോൺഫറൻസ് യോഗത്തിന്റെ നടപടിക്കുറിപ്പ്

സൂചന (1) ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ 961.264 കോടി രൂപ അനുവദിച്ച ഉത്തരവായിട്ടുള്ളതും, സൂചന (3) പ്രകാരം 2011 പ്രവർത്തികൾക്കായി 354,59,31,290/– രൂപയുടെ ഭരണാനുമതി ഉത്തരവായിട്ടുള്ളതാണ്.

സൂചന (4) പ്രകാരം ടി – പദ്ധതിയിൻ കീഴിലുള്ള പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നത് സംബന്ധിച്ച് ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇപ്പോൾ സൂചന (5), (6) സർക്കാർ ഉത്തരവുകൾ പ്രകാരം മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ / നിബന്ധനകൾ പ്രകാരം പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.

രണ്ടാം ഘട്ടത്തിൽ 2118 പ്രവർത്തികൾക്കായി 388,43,09,090 /– രൂപയ്ക്ക് ഭരണാനുമതി നൽകി സൂചന (5) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള 2118 പ്രവൃത്തികളുടെ പട്ടിക സൂചന (5) ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുണ്ട്.

സൂചന (6) ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ജില്ലാ തല ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർക്ക് ശുപാർശ ചെയ്യുന്നതിനായി സൂപ്രണ്ടിങ് എഞ്ചിനീയറുടെ (റിട്ടയേർഡ്) പേര് വിവരങ്ങൾ അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയമാർ ഈ

കാര്യാലയത്തിൽ 15.05.2020-ന് മുൻപായി പ്രൊപോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചുകൊള്ളുന്നു.

ഏപ്രിൽ മാസത്തിൽ തന്നെ ടി-പദ്ധതിയിൻ കീഴിലുള്ള പ്രവൃത്തിൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതികാനുമതി നേടി നിർവ്വഹണ നടപടികൾ ആരംഭിക്കേണ്ടതാണെന്നും, മെയ് മാസത്തിൽ തന്നെ സാധ്യമായ പ്രവൃത്തികൾ പൂർത്തീകരിക്കണം എന്നും സൂചന (7) പ്രകാരമുള്ള വീഡിയോ കോൺഫറൻസ് യോഗത്തിന്റെ നടപടിക്കുറിപ്പിൽ പരാമർശിച്ചിട്ടുണ്ട്. ടി-പ്രവൃത്തികളുടെ പുരോഗതി മോണിട്ടർ ചെയ്യുന്നതിന് സൂചന (7) യോഗത്തിൽ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ചീഫ് എഞ്ചിനീയർ